'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിളക്കുടി ഗ്രാമ പഞ്ചായത്ത് - ആശ്രയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം - ലൈഫ് നിരക്കായ 4 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt)No.716/2019/LSGD തീയതി,തിരുവനന്തപുരം, 26/03/2019

---

പരാമർശം:- 1 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23/01/2019ലെ കത്ത്.

2 27/02/2019 ലെ സിസി തീരുമാനം നമ്പർ 4.11

## ഉത്തരവ്

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമ പഞ്ചായത്തിലെ ആശ്രയ ഭവന പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകാൻ 15,00,000/- രൂപ വകയിരുത്തിയുള്ള സ്പിൽ ഓവർ പ്രോജക്ട് ഈ വർഷം തുടരുന്നുണ്ടെന്നും ഒരാൾക്ക് 2,50,000/- രൂപയാണ് നിലവിലെ നിരക്കെന്നും ആയത് ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ അനുമതി നൽകണമെന്നും പരാമർശം 1ലെ കത്ത് പ്രകാരം കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. മേൽ ആവശ്യം 27/02/2019 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിക്കുകയും അതിന്റെ പരാമർശം 2ലെ തീരുമാനപ്രകാരം കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമ പഞ്ചായത്തിലെ ആശ്രയ ഭവന പദ്ധതിയിലെ ഗുണ ഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് നൽകുന്ന ധനസഹായം ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം ജില്ല.

സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം
തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ (റൂറൽ)വകുപ്പ് സെക്രട്ടറിയുടെ പിഎക്ക്
തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് സെക്രട്ടറിയുടെ പിഎക്ക്.